## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2264

26.03.2013ൽ മറുപടിക്ക്.

### കൊച്ചിൻ റിഫൈനറി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) കൊച്ചിൻ റിഫൈനറിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പെട്രോ കെമിക്കൽ വ്യവസായം ആരംഭിക്കുന്നതിനുമായി അഞ്ചു വർഷം കൊണ്ട് ഒരു ബൃഹത് പദ്ധതി ആരംഭിക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷം ആരംഭിച്ച പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) കൊച്ചിൻ റിഫൈനറിയുടെ ശേഷി 9.5 MMTPA യിൽ നിന്നും 15.5 MMTPA യിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ബി.പി.സി എൽ , കൊറിയൻ സംരംഭമായ എൽ.ജി. കെമിക്കൽസുമായി ചേർന്ന് പെട്രോ കെമിക്കൽ രംഗത്ത് ഒരു സംയുക്ത സംരംഭം തുടങ്ങുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. |
| (ബി) ഇതിനായി 2012-13 വർഷത്തെ ബജറ്റിൽ എത്ര തുക വക കൊള്ളിച്ചിട്ടുണ്ടെന്നും അതിന്മേൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | ബി) 2012-13 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ഇതിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (സി) കൊച്ചിയിൽ ഒരു പെട്രോ കെമിക്കൽ ഇൻഡസ്ട്രിയൽ സോൺ സ്ഥാപിക്കും എന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 2012-13 - ലെ ബജറ്റിൽ വക കൊള്ളിച്ച 50 കോടിയിൽ എത്ര തുക ചെലവഴിച്ചുവെന്നും എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുവെന്നും വിശദമാക്കുമോ? | സി) 2012-13 ലെ ബജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ പ്രഖ്യാപിച്ചെങ്കിലും ഇതുവരെ തുക നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ